LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടയം

135(1201) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജക മണ്ഡലത്തിൽ ഭൂരഹിതരായ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിക്കുവാനായി എത്ര അപേക്ഷകൾ ലഭിച്ചു എന്നും, എത്ര അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും പറയാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതരായ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തു എന്ന് പറയാമോ; മണ്ഡലം തിരിച്ച കണക്ക് ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും; ഇനി എത്ര അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും പറയാമോ ?

ഉത്തരം

(എ) 34 കുടുംബങ്ങൾക്ക്.

(ബി) പട്ടയം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 35,382 അപേക്ഷകൾ ലഭിച്ചു. 5,384 അപേക്ഷകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

മുസിരിസ് പൈതൃക പദ്ധതി

136(1202) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നിർദ്ദിഷ്ട പോലീസ് മ്യൂസിയത്തിനായി കണ്ടെത്തിയ ഭൂമി ഏത് ജില്ലയിലെ ഏത് വില്ലേജിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) എന്ന് മുതലാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതെന്നും വിശദമാക്കാമോ?